## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6494 21/11/2019-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ പ്രീ-പ്രൈമറി അദ്ധ്യാപക ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് സർക്കാർ മേഖലയിൽ ആകെയുള്ളതെന്ന് അറിയിക്കാമോ; | (എ) നാല് തസ്തികകൾ |
| (ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും എത്ര ഒഴിവുകൾ അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് നീക്കിവച്ചിട്ടുണ്ട് എന്നും അറിയിക്കാമോ? | (ബി) 2019-ൽ നിലവിൽ വന്ന ഒരൊഴിവ് ഉണ്ട്. ടി ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല കാരണം പി.എസ്.സി മുഖാന്തരം മുൻ വർഷം നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥിക്ക് പാലക്കാട് ജില്ലയിൽ പ്രീപ്രൈമറി തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ കൊല്ലം ജില്ലയിൽ താൽക്കാലിക നിയമനം നൽകുകയുണ്ടായി. ടി അദ്ധ്യാപികയെ പാലക്കാട് ജില്ലയിലെ 2019-20 വർഷത്തിലെ പ്രീപ്രൈമറി തസ്തികയിലെ ഒഴിവിലേക്ക് പരിഗണിക്കേണ്ടതുണ്ട്. അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് ഒഴിവുകൾ നീക്കിവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ